# പതിമൂന്നാം കേരള നിയമസഭ

## (പത്താം സമ്മേളനം)

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 3592 30/01/2014-ൽ മറുപടിയ്ക്ക്**

## ഫിഷ് മാളുകളും ഫിഷ് മാർക്കറ്റുകളും

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വി. ശശി: | ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി): |
| (എ) ഫിഷ് മാളുകളും ഫിഷ് മാർക്കറ്റുകളും സ്ഥാപിക്കാൻ എത്ര കോടി രൂപ 2013-14 ലെ ബഡ്ജറ്റിൽ വകയിരുത്തിയെന്ന് വ്യക്തമാക്കാമോ; ഇതിൽ എത്ര തുക ചെലവഴിച്ചുവെന്ന് വ്യക്തമാക്കാമോ; | (എ) 2013-14 സാമ്പത്തിക വർഷം ഫിഷ് മാളുകൾ സ്ഥാപിക്കുവാൻ 10 കോടി രൂപയും ആധുനിക ഫിഷ് മാർക്കറ്റുകൾ സ്ഥാപിക്കുവാൻ 100 കോടി രൂപയും വകയിരുത്തിയിട്ടുണ്ടെന്ന് 2013-14 ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിരുന്നു. മത്സ്യമാർക്കറ്റുകൾക്ക് 2013-14 വർഷത്തിൽ അനുവദിച്ചിട്ടുള്ള തുകയൊന്നും ചെലവഴിച്ചിട്ടില്ല. 2013-14 സാമ്പത്തിക വർഷത്തിൽ 10 മത്സ്യ മാർക്കറ്റുകൾ നിർമ്മിക്കുന്നതിന് 150 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. മാർക്കറ്റുകൾ സ്ഥാപിക്കുന്നതിന് ടെൻഡർ ക്ഷണിച്ച് പ്രാഥമിക നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) ചെലവഴിച്ച തുക ഏതൊക്കെ ഇനത്തിലാണെന്നും ഈ സാമ്പത്തികവർഷം ഫിഷ് മാളുകൾ സ്ഥാപിക്കാനുള്ള നടപടി ഏതൊക്കെ സ്ഥലങ്ങ ളിൽ ആരംഭിച്ചുവെന്നും വ്യക്തമാക്കാമോ? | (ബി) തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നിവിടങ്ങളിൽ ഫിഷ് മാളുകൾ സ്ഥാപിക്കുന്നതിനുള്ള പ്രൊപ്പോസൽ പരിശോധിച്ചു വരുന്നു. |

സെക്ഷൻ ആഫീസർ